**Rs. 29500/-**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്


(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)
തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം – 14
(ഫോൺ : 0471 – 2945635, 0491 - 2599996, മൊബൈൽ - 9496006200)


## വെയർഹൗസ് ആവശ്യമുണ്ട്

(ദർഘാസ് നം. കെ.എം.എസ്.സി.എൽ./11008/2020(1))

Name of Tenderer :

Address of Tenderer :

Signature of Tenderer :

| | | |
|---|---|---|
| *Last date and time for the receipt of Tender* | : | 11.00 am; 02.03.2021 |
| *Date of opening of Technical Bid* | : | 11.30 am; 02.03.2021 |
| *Tender valid* | : | Till 02.05.2021 |

NOT TRANSFERABLE

For details;
www.kmscl.kerala.gov.in
e-mail: admnkmscl@gmail.com

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)
തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 14
(ഫോൺ : 0471 – 2945635, 0491 - 2599996, മൊബൈൽ - 9496006200)

A. **ആമുഖം :**

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പാലക്കാട് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്യുന്നതിലേയ്ക്കാവശ്യമായ മരുന്ന് സംഭരിക്കുന്നതിനായുള്ള ജില്ലാ മരുന്ന് സംഭരണശാലക്കായി മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ സമർപ്പിക്കാനുള്ള അവസാന തീയതി 02.03.2021 പകൽ 11.00 മണിക്കും തുറക്കുന്നത് അന്നേദിവസം പകൽ 11.30 മണിക്കും ആയിരിക്കും. ദർഘാസിന് 02.05.2021 വരെ പ്രാബല്യമുണ്ടാകുന്നതായിരിക്കും. ദർഘാസുകൾ ഇരുകവർ ടെണ്ടർ രീതിയിലായിരിക്കണം സമർപ്പിക്കേണ്ടത്. ആദ്യ കവറിൽ (കവർ-എ) കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ (ഒന്നിൽ കൂടുതൽ പേർക്ക് ഉടമസ്ഥാവകാശമുണ്ടെങ്കിൽ ഒരാളെ ചുമതലപ്പെടുത്തിയതിന്റെ രേഖ), വാട്ടർ അതോറിറ്റി/ വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ, നിരതദ്രവ്യ തുകയുടേയും ദർഘാസ് തുകയുടേയും ഡി.ഡി. യും രണ്ടാം കവറിൽ (കവർ-ബി) കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സ്ഥലത്തിന്റെ ആകെ ചതുരശ്രഅടിയും, ഒരു ചതുരശ്രഅടിക്ക് പ്രതീക്ഷിക്കുന്ന വാടകയും രേഖപ്പെടുത്തിയിരിക്കണം. നിരതദ്രവ്യമായി **₹1,44,000/-** (ഒരു ലക്ഷത്തി നാൽപ്പത്തി നാലായിരം) രൂപയുടെ ഡി.ഡി.യും, ദർഘാസ് തുകയായി **₹29,500/-** (ഇരുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്) രൂപയുടെ ഡി.ഡി.യും, മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്-ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന രീതിയിൽ ആണ് എടുക്കേണ്ടത്. കെ.എം.എസ്.സി.എൽ.-ന്റെ ആസ്ഥാന കാര്യാലയത്തിലാണ് (മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 695 014) ദർഘാസ് സമർപ്പിക്കേണ്ടത്.

## B. കരാർ വ്യവസ്ഥകൾ :

1. കരാർ കാലാവധി മൂന്ന് (3) വർഷമായിരിക്കും. കരാർ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഇരു കക്ഷികൾക്കും സമ്മതമാണെങ്കിൽ കരാർ പുതുക്കി നൽകുന്നതാണ്.
2. തെരഞ്ഞെടുക്കപ്പെടുന്ന ദർഘാസുകാരൻ കോർപ്പറേഷനുമായി, കരാർ ലഭിക്കുന്നപക്ഷം, ഒരു സമ്മതപത്രം ഒപ്പുവയ്ക്കേണ്ടതും, കോർപ്പറേഷനുമായി കരാറിലേറിലേർപ്പെടേണ്ടതും ടിയാൾ സമർപ്പിച്ചിട്ടുള്ള നിരതദ്രവ്യം **₹1,44,000/-** സെക്യൂരിറ്റി ഡെപ്പോസിറ്റായി പരിവർത്തനം ചെയ്യുന്നതുമാണ്.
3. ഒരിക്കൽ കോർപ്പറേഷനുമായി അംഗീകരിച്ചിട്ടുള്ള കരാർ / വ്യവസ്ഥകൾ, കരാർ തുക എന്നിവ കരാർ കാലയളവിൽ പാലിക്കപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്യാനുള്ള അധികാരം കോർപ്പറേഷനുണ്ടായിരിക്കും.
4. കരാർ കാലയളവിൽ 1 മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അവകാശം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്. കരാർ കാലയളവിൽ കെട്ടിടം ഉടമയ്ക്ക് കെട്ടിടം തിരികെ ആവശ്യമാകുന്നപക്ഷം ചുരുങ്ങിയത് 3 മാസം മുമ്പ് കോർപ്പറേഷനെ അറിയിക്കേണ്ടതാണ്.
5. ചതുരശ്രഅടിക്ക് നൽകിയിരിക്കുന്ന തുകയ്ക്ക് പുറമേ അനുവദനീയമായ സർവ്വീസ് ടാക്സ് കോർപ്പറേഷൻ നൽകുന്നതാണ്. ടി.ഡി.എസ്. ഈടാക്കേണ്ടതാണെങ്കിൽ ആയത് കെട്ടിട ഉടമ നൽകേണ്ടതാണ്.
6. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ കോർപ്പറേഷൻ നൽകുന്നതാണ്.
7. കെട്ടിട നികുതി, ഭൂനികുതി തുടങ്ങി കെട്ടിടവുമായി ബന്ധപ്പെട്ട നികുതികൾ കെട്ടിട ഉടമ കൃത്യമായി അടക്കേണ്ടതാണ്.
8. മരുന്ന് സംഭരണശാലയ്ക്ക് അനുയോജ്യമായ രീതിയിൽ, കോർപ്പറേഷൻ അധികാരികൾ ആവശ്യപ്പെടുന്ന പ്രകാരം കെട്ടിടം സജ്ജീകരിച്ച് നൽകേണ്ടതാണ്. അറ്റകുറ്റപ്പണികൾ, പെയിന്റിംഗ് തുടങ്ങി കെട്ടിടവുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട കാര്യങ്ങൾ അതാത് കാലയളവിൽ കെട്ടിട ഉടമ നിർവ്വഹിക്കേണ്ടതാണ്.
9. തുടക്കത്തിൽ മൂന്ന് വർഷത്തേയ്ക്ക് ആയിരിക്കും കരാറിൽ ഏർപ്പെടേണ്ടത്. തുടർ കരാർ പുതുക്കുന്ന കാലയളവിൽ മാത്രമേ കെട്ടിടം ഉടമയ്ക്ക് മാടക വർദ്ധനവ് ആവശ്യപ്പെടുവാനുള്ള അർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു വർഷം അനുവദിക്കാവുന്ന പരമാവധി വാടക വർദ്ധനവ് 5% ആയിരിക്കും.

10. കാലപ്പഴക്കം മൂലമോ, നിർമ്മാണത്തിന് ഉപയോഗിച്ച വസ്തുക്കളുടെ നിലവാരക്കുറവ് മൂലമോ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്ക് കോർപ്പറേഷൻ ഉത്തരവാദിയല്ല.
11. ലിഫ്റ്റുകളുടേയും, കെട്ടിടവുമായി ബന്ധപ്പെട്ട് ഉടമയുടേതായ മറ്റ് വസ്തുക്കളുടേയും AMC കാര്യങ്ങൾ കെട്ടിട ഉടമ നിർവ്വഹിക്കേണ്ടതാണ്.
12. ടി. കെട്ടിടത്തിന്റെ ബിൽഡിംഗ് നമ്പറിന്റെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ, പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി 1 മാസത്തിനകം) ബിൽഡിംഗ് നമ്പർ എടുത്തു തരേണ്ടതാണ്.

## C. കെട്ടിടം സംബന്ധിച്ച് :

1. കെട്ടിടം പാലക്കാട് ജില്ലാ ആശുപത്രിയുടെ 10 കിലോമീറ്റർ ചുറ്റളവിൽ ഉള്ളതായിരിക്കേണ്ടതാണ്.
2. കെട്ടിടം വൈദ്യുതി (3 ഫേസ് കണക്ഷൻ), വെള്ളം, ടെലിഫോൺ സൗകര്യങ്ങളോടുകൂടിയതും, കണ്ടെയ്നർ / ട്രെയിലർ വാഹനങ്ങൾക്ക് കടന്നു വരാവുന്ന രീതിയിൽ ചുരുങ്ങിയത് 6 മീറ്റർ വീതിയിൽ റോഡ് സൗകര്യത്തോടുകൂടിയതും ആയിരിക്കണം.
3. കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സ്ഥലം, ഒരു നിലയിലോ, ബഹുനിലകളിലോ ആയി 15,000 ചതുരശ്രഅടിയിൽ കുറയാത്തതും 20,000 ചതുരശ്രഅടിയിൽ കൂടാത്തതും ഒരു കോമ്പൗണ്ടിനുള്ളിലുമായിരിക്കണം
4. പ്രസ്തുത കെട്ടിടത്തിന് ചുറ്റുമതിൽ, ഗെയ്റ്റ്, ടോയ്ലെറ്റ് (Ladies& Gents), ഡൈനിംഗ് റൂം, സെക്യൂരിറ്റി ഔട്ട്പോസ്റ്റ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
5. കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി ഒരു മാസത്തിനുള്ളിൽ) ടി.രേഖകൾ ഹാജരാക്കിക്കൊള്ളാമെന്ന സത്യവാങ്മൂലം ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.
6. കെട്ടിടത്തിന്റെ മേൽക്കൂര റൂഫ് ഷീറ്റ് ആണെങ്കിൽ ജിപ്സം ബോർഡ്, ഫാള്സ് സീലിംഗ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് /ഷീറ്റ് റൂഫ് ചോർച്ചയുണ്ടാകാത്ത രീതിയിൽ സജ്ജീകരിക്കേണ്ടതാണ്.

7. മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുവാനുള്ള സാഹചര്യം കെട്ടിടത്തിന്റെ ചുറ്റുപാടുകളിൽ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. കെട്ടിടത്തിനുള്ളിൽ താപനില നിയന്ത്രിക്കുവാനുള്ള സജ്ജീകരണങ്ങൾ (ഫാൾസീലിംഗ്) ഉണ്ടായിരിക്കേണ്ടതാണ്.
9. ട്രോളികളുടെ ഉപയോഗത്തിന് അനുയോജ്യമായ രീതിയിൽ ഫ്ളോറിംഗ് ചെയ്യേണ്ടതാണ്.
10. കെട്ടിടത്തിനുള്ളിൽ താപനില നിയന്ത്രിക്കുവാനാനവശ്യമായ എക്സ്ഹോസ്റ്റ് ഫാനുകൾ പിടിപ്പിച്ചു തരേണ്ടതാണ്.
11. കെട്ടിടത്തിനുള്ളിൽ ആവശ്യമായ ലൈറ്റുകൾ / പ്ലഗ് പോയിന്റുകൾ, പവർ പ്ലഗ്ഗുകൾ ചെയ്തു തരേണ്ടതാണ്.
12. കെട്ടിടത്തിനുള്ളിൽ ഓഫീസ് റൂമും (500 ചതുരശ്രഅടി) ഹൈവാല്യു റൂം (1000 ചതുരശ്രഅടി) വേർതിരിച്ച് തരേണ്ടതാണ്.
13. കെട്ടിടത്തിനുള്ളിൽ റാക്ക്, ലിഫ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകേണ്ടതാണ്.
14. കോംപൗണ്ടിനുള്ളിൽ ജനറേറ്റർ സ്ഥാപിക്കുവാനുള്ള അനുമതി നൽകേണ്ടതാണ്.
15. മരുന്നു ഗോഡൗണിന് ആവശ്യമായ അഗ്നിശമന സൗകര്യത്തിനുള്ള പണികൾ ചെയ്തു തരേണ്ടതാണ്.

## D. ദർഘാസുകൾ സമർപ്പിക്കേണ്ട രീതി :

1. കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ ദർഘാസിന്റെ കൂടെ സമർപ്പിക്കേണ്ടതാണ്. ഇതോടൊപ്പം അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിലായിരിക്കണം അപേക്ഷ നൽകേണ്ടത് (പേജ് 7 മുതൽ 9 വരെ). അപേക്ഷാഫോറം സമർപ്പിക്കുന്ന കവറിനു മുകളിൽ “ദർഘാസ് നമ്പർ കെ.എം.എസ്.സി.എൽ/ഭരണം/11008/2020, വെയർഹൗസ്, പാലക്കാട് ജില്ല” എന്ന് രേഖപ്പെടുത്തണം. കെ.എം.എസ്.സി.എൽ.-ന്റെ കെ.എം.എസ്.സി.എൽ.-ന്റെ ആസ്ഥാന കാര്യാലയത്തിലാണ് (മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്, തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 695 014) ദർഘാസ് സമർപ്പിക്കേണ്ടത്.

2. അപേക്ഷയോടൊപ്പം നിരതദ്രവ്യം (Earnest Money Deposit) ആയി **₹1,44,000/- (രൂപ ഒരു ലക്ഷത്തി നാൽപ്പത്തിനാലായിരം മാത്രം)** ദർഘാസ് തുകയായ **₹29,500/- (രൂപ ഇരുപത്തി ഒൻപതിനായിരം മാത്രം)** Managing Director, Kerala Medical Services Corporation Ltd.- ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന തരത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി നൽകേണ്ടതാണ്. നിരതദ്രവ്യവും ദർഘാസ് വിലയും ('കവർ-എ' യോടൊപ്പം) നൽകാതെ ദർഘാസ് സമർപ്പിക്കുന്ന പക്ഷം, പ്രസ്തുത ദർഘാസ് അസാധുവാകുന്നതാണ്. കരാർ ലഭിക്കുന്നയാൾ ആയതിൽ നിന്നും പിന്മാറുകയോ, കരാർ സ്വീകരിക്കാൻ വിസമ്മതിക്കുകയോ, കോർപ്പറേഷൻ അനുവദിച്ച സമയ പരിധിക്കുള്ളിൽ പണി പൂർത്തിയാക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം തുക കോർപ്പറേഷൻ വസൂലാക്കുന്നതായിരിക്കും.
3. അപേക്ഷയോടൊപ്പം കെട്ടിടത്തിന്റെ ഫോട്ടോ (മുമ്പിൽ നിന്നും വശങ്ങളിൽ നിന്നും പുറകിൽ നിന്നും എടുത്തിട്ടുള്ളത്) കൂടി നൽകണം. വീഡിയോ സി.ഡി. നൽകുന്നത് അഭികാമ്യമായിരിക്കും.
4. മുകളിൽ പറഞ്ഞ പ്രകാരം നൽകുന്ന 'കവർ-എ' യിലെ രേഖകൾ പരിശോധിച്ചതിനുശേഷം, ആവശ്യമെങ്കിൽ, സ്ഥലപരിശോധന നടത്തിയതിനുശേഷം മാത്രമേ സ്വീകാര്യമായ കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള 'കവർ-ബി' തുറന്ന് പരിശോധിക്കുകയുള്ളൂ.
5. ദർഘാസ് റദ്ദാക്കുന്നതിനുള്ള അധികാരം പൂർണ്ണമായും മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

## **'കവർ-എ' യോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

പേജ് നം. 7 മുതൽ 8 വരെ അനുബന്ധമായി നൽകിയ മാതൃകയിലുള്ള അപേക്ഷ വ്യക്തമായി പൂരിപ്പിച്ചത്, നിരതദ്രവ്യവും ദർഘാസ് വിലയും (Managing Director, Kerala Medical Services Corporation Ltd.- ന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന തരത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് ആയി), കെട്ടിടത്തിന്റെ ഫോട്ടോ, കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട്, ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, വാട്ടർ അതോറിറ്റി / വൈദ്യുതി ബോർഡ് എന്നിവയിൽ നിന്നുള്ള ബില്ലുകൾ (നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ, പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി ഒരു മാസത്തിനുള്ളിൽ) ടി.രേഖകൾ ഹാജരാക്കിക്കൊള്ളാമെന്ന സത്യവാങ്മൂലം).

**‘കവർ-ബി’ യോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

കെട്ടിടത്തിൻറെ ഉപയോഗയോഗ്യമായ സ്ഥലത്തിന്റെ ആകെ ചതുരശ്രഅടി, ഒരു ചതുരശ്രഅടിക്ക് പ്രതീക്ഷിക്കുന്ന വാടക തുക (പേജ് നം. 9—ൽ അനുബന്ധമായി നൽകിയ മാതൃകയിൽ)

## E. ദർഘാസുകളുടെ മൂല്യനിർണ്ണയം :

1. നിശ്ചിത തീയതിക്കും സമയത്തിനുമുള്ളിൽ ഇരു കവർ രീതിയിൽ (‘കവർ-എ’, ‘കവർ-ബി’) സമർപ്പിക്കുന്ന ദർഘാസുകൾ മാത്രമേ മൂല്യനിർണ്ണയത്തിൽ പരിഗണിക്കുകയുള്ളൂ.
2. പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷകൾ മാത്രമായിരിക്കും പരിഗണിക്കുന്നത്.
3. അപേക്ഷയോടൊപ്പം നിർബന്ധമായും നിരതദ്രവ്യം, ദർഘാസ് തുക എന്നിവ ഡി.ഡി. ആയി (‘കവർ-എ’ യോടൊപ്പം) സമർപ്പിക്കേണ്ടതാണ്.
4. ദർഘാസിൽ ‘കവർ-എ’ യിൽ സമർപ്പിച്ചിരിക്കുന്ന വിശദാംശങ്ങൾ പൂർണ്ണമായും തൃപ്തികരമാണെങ്കിൽ, ആവശ്യമെന്നു തോന്നുന്നപക്ഷം, സ്ഥലപരിശോധനകൂടി നടത്തിയതിനുശേഷം മാത്രമേ സ്വീകാര്യമായ കെട്ടിടങ്ങൾക്കുവേണ്ടിയുള്ള ‘കവർ-ബി’ തുറന്ന് പരിശോധിക്കുകയുള്ളു. സ്വീകാര്യമല്ലാത്തപക്ഷം പ്രസ്തുത ദർഘാസ് പരിഗണിക്കപ്പെടുന്നതല്ല.

(ഒപ്പ്)

**മാനേജിംഗ് ഡയറക്ടർ**

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)

തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 14

## വാടക മരുന്ന് സംഭരണശാല നൽകുന്നതിനായുള്ള അപേക്ഷാ ഫോറം

(കവർ-എ യിൽ സമർപ്പിക്കേണ്ടത്)

| | | | |
|---|---|---|---|
| 1. | ദർഘാസ് നൽകുന്ന ആളിന്റെ പേരും വിലാസവും | : | <br><br><br><br>മൊബൈൽ നം. :<br>ഇ-മെയിൽ : |
| 2. | പാലക്കാട് ജില്ലാ ആശുപത്രിയിൽ നിന്നും വാടക മരുന്ന് സംഭരണശാലയിലേയ്ക്കുള്ള ദൂരം (കി.മീ.) | : | |
| 3. | കണ്ടെയ്നർ / ട്രെയിലർ വാഹനങ്ങൾക്ക് കടന്നു വരാനുള്ള സൗകര്യമുണ്ടോ? | : | |
| 4. | കണ്ടെയ്നർ / ട്രെയിലർ വാഹനങ്ങൾക്ക് കടന്നു വരാനുള്ള റോഡിന്റെ വീതി (മീറ്ററിൽ) | : | |
| 5. | കെട്ടിടത്തിന് ചുറ്റുമതിൽ ഉണ്ടോ? | : | |
| 6. | കെട്ടിടത്തിന് ടെലിഫോൺ കണക്ഷൻ ഉണ്ടോ? | : | |
| 7. | കെട്ടിടത്തിന് ലിഫ്റ്റ് സൗകര്യം ഉണ്ടോ? | : | |
| 8. | കെട്ടിടത്തിന് ടോയ്ലെറ്റ് സൗകര്യം ഉണ്ടോ? | : | |
| 9. | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുണ്ടോ? | : | |
| 10. | കെട്ടിടത്തിന്റെ പ്ലാൻ, ലേ-ഔട്ട് വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ടോ? | : | |
| 11. | കെട്ടിടത്തിന്റെ വാട്ടർ /വൈദ്യുതി ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടോ? | : | |
| 12. | നിർമ്മാണത്തിലിരിക്കുന്ന കെട്ടിടമാണെങ്കിൽ, പണി പൂർത്തിയാകുന്ന മുറയ്ക്ക് (പരമാവധി | : | |

| | | | |
|---|---|---|---|
| | 1 മാസത്തിനുള്ളിൽ) ക്രമ നം. 9, 10, 11 പ്രകാരം ചോദിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിക്കൊള്ളാമെന്ന സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ? | | |
| 13. | കെട്ടിടത്തിന്റെ മേൽക്കൂര ചോർച്ചയുണ്ടാകാത്ത രീതിയിൽ സജ്ജീകരിച്ചിട്ടുണ്ടോ? മേൽക്കൂരരയുടെ രീതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ | : | |
| 14. | മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുവാനുള്ള സാഹചര്യം കെട്ടിടത്തിന്റെ ചുറ്റുപാടുകളിൽ ഉണ്ടോ? | : | |
| 15. | കെട്ടിടത്തിനുള്ളിലെ പരമാവധി താപനില | : | |
| 16. | കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം (ചതുരശ്രഅടിയിൽ) | : | |
| 17. | നിരത ദ്രവ്യം സമർപ്പിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ | : | |
| 18. | ദർഘാസ് തുക സമർപ്പിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ | : | |
| 19. | കെട്ടിടത്തിന്റെ അധിക വിശദാംശങ്ങൾ ഉണ്ടെങ്കിൽ അവ | : | |

ഞാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ദർഘാസിൽ പറഞ്ഞിട്ടുള്ള എല്ലാ കാര്യങ്ങളും സത്യമാണെന്നും, എല്ലാ ദർഘാസ് വ്യവസ്ഥകളും കരാർ കാലയളവിൽ പാലിക്കുമെന്നും ഉറപ്പുനൽകുന്നു.

ദർഘാസ് സമർപ്പിക്കുന്ന
ആളിന്റെ പേര് :

സ്ഥലം :

ഒപ്പ് :

തീയതി :

# കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഡിപ്പാർട്ട്മെന്റ് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ, കേരള സർക്കാർ)

തൈയ്ക്കാട് പി. ഒ., തിരുവനന്തപുരം - 14

## PRICE BID

(കവർ-ബി യിൽ സമർപ്പിക്കേണ്ടത്)

| | | | |
|---|---|---|---|
| 1. | ദർഘാസ് നൽകുന്ന ആളിന്റെ പേരും വിലാസവും | : | |
| | | | |
| | | | |
| | | | |
| | | | മൊബൈൽ നം. |
| | | | ഇ-മെയിൽ |
| 2. | കെട്ടിടത്തിന്റെ ഉപയോഗയോഗ്യമായ സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം (ചതുരശ്രഅടിയിൽ) | : | |
| 3. | കെട്ടിടത്തിന്റെ ഒരു ചതുരശ്രഅടിയ്ക്ക് പ്രതീക്ഷിക്കുന്ന തുക (രൂപയിൽ) | : | |

പേര് :

വിലാസം :

തീയതി :

ഫോൺ നം. :